(സി) റോഡുകളുടേയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും വിമാനത്താവളങ്ങളുടെയും നിർമ്മാണത്തിൽ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ടുകളും ഉപദേശങ്ങളും പ്രയോജനപ്പെട്ടിട്ടുണ്ട്.

ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ അംഗീകാരം

* 169 [215] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി.യുടെ അംഗീകാരം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) യു.ജി.സി. മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിയെ യു.ജി.സി. യുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ധനസഹായത്തിന് അർഹമാണെന്ന് പ്രഖ്യാപിച്ചുകിട്ടാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് യു.ജി.സി.യെ സമീപിച്ചിരുന്നു. ഇതിന് മറുപടിയായി, യു.ജി.സി. ആക്ടിലെ 12 എ വകുപ്പനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന താഴെ പറയുന്ന നിബന്ധനകൾ ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിൽ ഉൾക്കൊള്ളിക്കണമെന്ന് യു.ജി.സി. നിർദ്ദേശിച്ചു.

1. ഒരു പ്ലാനിംഗ് ബോർഡ് രൂപീകരിക്കാൻ ആവശ്യമായ വ്യവസ്ഥ.

2. സർവ്വകലാശാലയുടെ ഭരണസംവിധാനം ഗജേന്ദ്ര ഗാഡ്കർ കമ്മിറ്റി റിപ്പോർട്ടിനെയും കേന്ദ്ര സർവ്വകലാശാല നടത്തിപ്പിനെപ്പറ്റി അവലോകനം നടത്തിയ കമ്മിറ്റിയുടെ റിപ്പോർട്ടിനെയും ആസ്പദമാക്കിയുള്ളതായിരിക്കണം.

കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിന് ഭേദഗതികൾ വരുത്തണമെന്നും യു.ജി.സി. നിർദ്ദേശിച്ചിട്ടുണ്ട്.

(1) പ്രോ ചാൻസലർ തസ്തിക ആവശ്യമില്ല.

(2) വൈസ് ചാൻസലറുടെ പേര് നിർദ്ദേശിക്കാൻ നിയമിതമാകുന്ന കമ്മിറ്റി നൽകുന്ന പാനലിൽനിന്നും ചാൻസലർ ഒരാളെ നിയമിക്കാൻ വേണ്ട വ്യവസ്ഥ ഉൾക്കൊള്ളിക്കണം.

3. വൈസ്ചാൻസലറുടെ ശുപാർശപ്രകാരം സിൻഡിക്കേറ്റ് പ്രോവൈസ് ചാൻസലറെ നിയമിക്കണം.

4. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരെ സിൻഡിക്കേറ്റ് നിയമിക്കണം.

5. സെനറ്റിന്റെ ആവശ്യമില്ല. സർവ്വകലാശാലയുടെ നയപരമായ കാര്യങ്ങളെപ്പറ്റിയും പ്രവർത്തന ശൈലിയിൽ വരുത്തേണ്ട ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

യെപ്പറ്റിയും മറ്റും സംസ്ഥാന നിയമസഭ സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് ചർച്ചചെയ്യുന്ന അവസരത്തിൽ പരിഗണിക്കാവുന്നതാണ്.

6. സർവ്വകലാശാല സിൻഡിക്കേറ്റ് ചാൻസലറുടെയോ, സംസ്ഥാന ഗവൺമെൻറിന്റേയോ രണ്ട് നോമിനികളും മറ്റു സർവ്വകലാശാലകളിലെ രണ്ട് വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ പ്രിൻസിപ്പിൾമാർ, ഡീനുകൾ, വകുപ്പ് മേധാവികൾ ഇവർ ഉൾക്കൊള്ളുന്നതും 13 അംഗങ്ങളിൽ കവിയാത്തതുമായ ഒരു ചെറിയ സമിതി ആയിരിക്കണം.

7. അക്കാഡമിക് കൗൺസിലിൽ അദ്ധ്യാപകരുടെ അംഗത്വം തെരഞ്ഞെടുപ്പിലൂടെ ആയിരിക്കരുത്. അത് റൊട്ടേഷൻ അനുസരിച്ചായിരിക്കണം.

8. ബോർഡ് ഓഫ് സ്റ്റഡീസിലെ മെമ്പർഷിപ്പ് റൊട്ടേഷൻ അനുസരിച്ചായിരിക്കണം. അദ്ധ്യാപകരുടെ യോഗ്യത, അവരുടെ സെലക്ഷൻ എന്നിവ യു.ജി.സി. നിർദ്ദേശ പ്രകാരം ആയിരിക്കണം.

9. ഫിനാൻസ് കമ്മിറ്റിയിൽ സിൻഡിക്കേറ്റിലെ മൂന്ന് അനദ്ധ്യോഗിക അംഗങ്ങൾ ഉണ്ടായിരിക്കണം.

10. സർവ്വകലാശാലയിലെ വാർഷിക റിപ്പോർട്ടും കണക്കും ചാൻസലർക്ക് കൂടി നൽകാനുള്ള വ്യവസ്ഥ വേണം. സർവ്വകലാശാലാ നിയമനത്തിനുള്ള യോഗ്യത മുതലായവ യു.ജി.സി. മാർഗ്ഗ രേഖ പ്രകാരം വേണം.

11. യൂണിവേഴ്സിറ്റി യൂണിയന്റെ ആവശ്യകത പരിശോധിക്കണം.

(ബി) മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ, പ്ലാനിംഗ് ബോർഡ് രൂപീകരണം, ബോർഡ് ഓഫ് സ്റ്റഡീസിലെ മെമ്പർഷിപ്പ്, ഫൈനാൻസ് കമ്മിറ്റിയിൽ സിൻഡിക്കേറ്റ് മെമ്പർമാരുടെ നിയമനം, വാർഷിക റിപ്പോർട്ടും കണക്കും, ചാൻസലർക്ക് സമർപ്പിക്കൽ എന്നീ കാര്യങ്ങളെ സംബന്ധിച്ച യു.ജി.സി. നിർദ്ദേശങ്ങൾ അംഗീകരിച്ച് അവരെ അറിയിച്ചിട്ടുണ്ട്. മറ്റു നിർദ്ദേശങ്ങളിൽമേൽ, ഡോ. മാൽക്കം ആദിശേഷയ്യാ കമ്മീഷൻ നൽകിയിട്ടുള്ള അഭിപ്രായങ്ങൾകൂടി പരിഗണിച്ചതിനുശേഷമേ ഒരു തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

ഇലക്ട്രിസിറ്റി ബോർഡിലെ സ്റ്റോർ കീപ്പർ തസ്തിക

* 170 [216] ശ്രീ. കെ.പി. രാമൻ:

" പി. സീതിഹാജി:

" എ.വി. അബ്ദു റഹിമാൻ ഹാജി:

" കെ.പി.എ. മജീദ്:

" സി.ടി. അഹമ്മദലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിലെ സ്റ്റോർ കീപ്പർ തസ്തിക നിർത്തലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly